# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. * 388 | 17.12.2014 ൽ മറുപടിക്ക്

## സർക്കാർ ആശുപത്രികളുടെ അടിസ്ഥാന സൗകര്യ വികസനം

**ചോദ്യം**

ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)
" കോലിയക്കോട് എൻ.കൃഷ്ണൻനായർ
ശ്രീമതി. കെ.കെ.ലതിക
ശ്രീ. കെ.വി. അബ്ദുൾ ഖാദർ

**ഉത്തരം**

ശ്രീ. വി.എസ്. ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)

(എ) ഈ സർക്കാർ അധികാരത്തിൽ എത്തിയതിന് ശേഷം സർക്കാർ ആശുപത്രികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി നടത്തിയ പ്രവൃത്തികൾ എന്തൊക്കെയാണ് ;

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 2011-12 മുതൽ 2014-15 വരെയുള്ള സാമ്പത്തിക വർഷ കാലയളവുകളിൽ താഴെ പറയുന്ന പദ്ധതികൾ ആരംഭിക്കുകയും വിവിധ സാമ്പത്തിക വർഷങ്ങളിലായി തുക വകയിരുത്തുകയും പ്രവർത്തികൾക്കായി ഭരണാനുമതി നല്കുകയും ചെയ്തിട്ടുണ്ട്.

1. വിവിധ ഫ്ലാഗ്ഷിപ്പ് പദ്ധതികൾ
2. ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിനു കീഴിലുള്ള സ്ഥാപനങ്ങളുടെ ശാക്തീ കരണം
3. ഡയഗണോസ്റ്റിക് സേവനങ്ങളുടെ ശാക്തീകരണം
4. ഡി-അഡിക്ഷൻ സെന്ററുകൾ സ്ഥാപി ക്കൽ
5. ഡയാലിസിസ് യൂണിറ്റ് സ്ഥാപിക്കൽ
6. മെറ്റേണിറ്റി യൂണിറ്റ് സ്ഥാപിക്കൽ
7. പെയിൻ & പാലിയേറ്റീവ് കെയർ സെന്ററുകളുടെ നിർമ്മാണം.
8. സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി സ്ഥാപിക്കൽ
9. താലൂക്ക്/ജില്ലാ/ജനറൽ ആശുപത്രി കളിൽ പവർ ലോൺട്രി സ്ഥാപിക്കൽ
10. തിരുവനന്തപുരം ജനറൽ ആശുപത്രിയും തൈക്കാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയും മെഡിക്കൽ കോളേജ് നിലവാരത്തിലേയ്ക്ക് ഉയർത്തൽ.

കൂടാതെ എം.എൽ.എ-മാരുടെ ആസ്തി വികസന ഫണ്ടുപയോഗിച്ചും, നബാർഡ്, ആർ.എസ്.ബി.വൈ തുടങ്ങിയ ഫണ്ടുകളുപയോഗിച്ചും സർക്കാർ ആശുപത്രികളിൽ കെട്ടിടം,

ക്വാർട്ടേഴ്സ്, ലാബ്, എക്സ്റേ യൂണിറ്റ്, ഡയാലിസിസ് യൂണിറ്റ് തുടങ്ങിയവ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തികൾ നടന്നു വരുന്നു. എൻ.ആർ.എച്ച്.എം.-ന്റെ സമഗ്ര ആരോഗ്യ പദ്ധതിയിൽ ഉൾപ്പെടുത്തി പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ലാബ് സൗകര്യം ലഭ്യമാക്കുന്നതിനും കുടുംബ ഉപകേന്ദ്രങ്ങൾക്ക് കെട്ടിട നിർമ്മാണത്തിനും പദ്ധതി നടപ്പിലാക്കിവരുന്നു.

(ബി) കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം നിർമ്മിക്കേണ്ടിയിരുന്ന സബ്സെൻറുകളുടെ നിർമ്മാണ പുരോഗതി അറിയിക്കാമോ;

(ബി) ദേശീയ ഗ്രാമീണ ആരോഗ്യ ദൗത്യം മുഖേന സംസ്ഥാനത്ത് കുടുംബ ഉപകേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മിച്ച് നല്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ഈ പദ്ധതി വഴി 33 സബ്സെന്ററുകളുടെ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. 59 കേന്ദ്രങ്ങളുടെ നിർമ്മാണം പുരോഗമിക്കുന്നു.

(സി) ഇതുവരെ എത്ര പ്രൈമറി ഹെൽത്ത് ലബോറട്ടറികൾ പ്രവർത്തന സജ്ജമാക്കിയെന്നും ഇതിനായി സംസ്ഥാന സർക്കാർ ചെലവഴിച്ച തുകയെത്രയെന്നും അറിയിക്കാമോ?

(സി) എൻ.ആർ.എച്ച്.എം.മുഖേന നടപ്പിലാക്കുന്ന പദ്ധതി പ്രകാരം സംസ്ഥാനത്ത് 80 ലാബുകൾ പ്രാഥമിക/സാമൂഹിക ആരോഗ്യ കേന്ദ്രങ്ങളിൽ സജ്ജീകരിച്ചു കഴിഞ്ഞു. പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ നടപ്പിലാക്കുന്ന ഈ പദ്ധതിയുടെ പഞ്ചായത്ത് വിഹിതം 20 ശതമാനം മാത്രമായി നിജപ്പെടുത്തിയിട്ടുണ്ട്. അപ്രകാരം 1,60,000/- രൂപ (ഒരു ലക്ഷത്തി അറുപതിനായിരം രൂപ) ചെലവിൽ ലാബ് സജ്ജീകരിക്കുന്നതിന് പഞ്ചായത്ത് വിഹിതമായി 32,000/- രൂപയാണ് നല്കേണ്ടിവരുന്നത്.

സെക്ഷൻ ഓഫീസർ